# എല്ലാം സമൂഹത്തിനു വേണ്ടി

സാമൂഹ്യ പ്രതിബദ്ധത കമ്പനികളുടെ/ സംരംഭങ്ങളുടെ മറ്റൊരു വിഭാഗമായി കാണുകയല്ല തൃശൂരിലെ മണ്ണുത്തി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇവാഞ്ചലിക്കൽ സോഷ്യൽ ആക്ഷൻ ഫോറം (ഇസാഫ്). കമ്പനികൾ/സംരംഭങ്ങൾ പുതുതായി ഓരോ ചുവടുവെപ്പ് നടത്തും മുമ്പ് അത് സമൂഹത്തിന് എങ്ങനെ ഗുണകരമാകുമെന്ന് പരിശോധിക്കണമെന്ന വിശാല കാഴ്ചപ്പാടാണ് ഇവർ പൊതുസമൂഹത്തിന് മുന്നിൽ വെയ്ക്കുന്നത്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന വലിയൊരു വിഭാഗത്തിന് സഹായഹസ്തവുമായി പ്രവർത്തനമാരംഭിച്ച ഇസാഫ് വ്യത്യസ്തമായ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. മറ്റേതൊരു ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പ ലഭിക്കാൻ അർഹതയില്ലാത്ത ദരിദ്രരായ പതിനായിരങ്ങൾക്ക് വായ്പകളും മൈക്രോ ഇൻഷുറൻസും അവരുടെ സ്വയംസംരംഭങ്ങളുടെ വളർച്ച ഉറപ്പാക്കുന്നതിനായി ബിസിനസ് ഡെവലപ്മെന്റ് സർവീസുകളുമെല്ലാം ഇസാഫ് അവരുടെ ഉപവിഭാഗമായ ഇസാഫ് മൈക്രോ ഫിനാൻസ് ആൻഡ് ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡിലൂടെ ലഭ്യമാക്കുന്നുണ്ട്.

ഓരോ കമ്പനിയ്ക്കും അവരുടെ എതിരാളികളിൽ നിന്ന് വേറിട്ടൊരു സ്വത്വം നൽകുന്നതിൽ അവരുടെ സാമൂഹ്യ പ്രതിബദ്ധത മുഖ്യപങ്ക് വഹിക്കുമെന്ന് അഭിപ്രായപ്പെടുന്ന ഇസാഫ്, കമ്പനികൾ അവരുടെ ലാഭത്തിന്റെ കുറഞ്ഞത് അഞ്ച് ശതമാനമെങ്കിലും ഇത്തരം പ്രവർത്തനങ്ങൾക്കായി മാറ്റിവെയ്ക്കണമെന്നും ചൂണ്ടിക്കാട്ടുന്നു.

ഒപ്പം സംരംഭത്തിന് സമൂഹത്തോടുള്ള കടപ്പാടുകൾ നിറവേറ്റുന്നതിന് മുന്നോടിയായി സാമൂഹ്യ പ്രതിബദ്ധത എന്നത്

### പ്രധാന പ്രവർത്തന മേഖല

സമൂഹത്തിലെ താഴെത്തട്ടിലുള്ളവരെ മുഖ്യധാരയിലെത്തിക്കാൻ വേണ്ടി ഒട്ടവധി സാമൂഹ്യ, സാമ്പത്തിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. അവർക്കുവേണ്ടി ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നു. അവരുടെ സ്വാശ്രയസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തിക്കൊടുക്കുന്നു.

### ഭാവിപരിപാടി

സമൂഹത്തിലെ കൂടുതൽ പേരിലേക്ക് ഇറങ്ങിച്ചെല്ലുക

ഓർഗനൈസേഷന്റെ പൊതു സംസ്കാരമാക്കി മാറ്റണമെന്ന അഭിപ്രായമാണ് ഇസാഫ് പങ്കുവെയ്ക്കുന്നത്. തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ, സുനാമി ബാധിതർക്കായി കന്യാകുമാരിയിൽ 70 വീടുകൾ നിർമിച്ചപ്പോഴും ഇസാഫിലെ മുഴുവൻ ജീവനക്കാരുടെയും പങ്കാളിത്തത്തോടെ തൃശൂരിൽ എച്ച്.ഐ.വി ബാധിതരായ കുടുംബങ്ങൾക്ക് വീട് നിർമിച്ചു നൽകിയപ്പോഴും ഇവർ പിന്തുടർന്നത് ഇതേ നയമാണ്.

സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് വേണ്ടി സർക്കാരോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടനകളോ ഈ രംഗത്ത് അവാർഡ് ഏർപ്പെടുത്താൻ മുന്നോട്ടുവരണം. കേരളം ആസ്ഥാനമായുള്ള കമ്പനികളുടെ സി.എസ്.ആർ പ്രവർത്തനങ്ങളെ പുറംലോകത്തെ അറിയിക്കാൻ മാധ്യമങ്ങളും ശ്രദ്ധപതിപ്പിക്കണമെന്ന് ഇവർ അഭിപ്രായപ്പെടുന്നു.